# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2856 — 15.12.2015 ൽ മറുപടിയ്ക്ക്

**സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) സ്വാശ്രയമേഖലയിൽ ആകെ എത്ര എഞ്ചിനീയറിംഗ് സീറ്റുകൾ ഉണ്ടെന്ന് അറിയിക്കുമോ ; നടപ്പ് അദ്ധ്യയന വർഷം പ്രവേശനം പൂർത്തിയായപ്പോൾ പ്രവേശനം നേടിയ സീറ്റുകളുടെ എണ്ണമെത്ര; ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ; | ബി) സ്വാശ്രയമേഖലയിൽ 53184 സീറ്റുകളാണ് നിലവിലുള്ളത്. ഇതിൽ 35277 സീറ്റുകളിൽ പ്രവേശനം നേടി. 17907 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. |
| സി) 50% സീറ്റുകൾ പോലും നികത്താൻ കഴിയാതെ വന്ന എത്ര കോളേജുകൾ ഉണ്ട് ; പേരുവിവരം വെളിപ്പെടുത്തുമോ; | സി) 50% സീറ്റുകൾ പോലും നികത്താൻ കഴിയാതെ വന്ന 36 കോളേജുകൾ ഉണ്ട്. പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ഡി) എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങൾ പാലിക്കാത്തതുമൂലം ഏതെങ്കിലും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടിയിട്ടുണ്ടോ; അപേക്ഷകരില്ലാത്തതിന്റെ പേരിൽ അടച്ചുപൂട്ടേണ്ടിവന്ന എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടോ ? | ഡി) പാലക്കാട് ജില്ലയിലെ പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി എന്ന സ്ഥാപനത്തിന് 2015-16 അദ്ധ്യായന വർഷത്തിൽ എ.ഐ.സി.റ്റി.ഇ തുടർ അംഗീകാരം നൽകിയിട്ടില്ല. തിരുവനന്തപുരം ജില്ലയിലെ പി.എ. അസീസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി എന്ന സ്ഥാപനത്തിന്റെ അംഗീകാരം എ.ഐ.സി.റ്റി.ഇ പിൻവലിച്ചിട്ടുണ്ട്. അപേക്ഷകരില്ലാത്തതിന്റെ പേരിൽ സ്വാശ്രയ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ ഒന്നും തന്നെ അടച്ചുപൂട്ടിയിട്ടില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ